# Dakshina Kerala Jam-iyyathul Ulama

## ജുമുഅ പ്രഭാഷണം “ലോകം മക്കയിലേക്ക്” (19/8/16)

---

*وَلِلَّهِ عَلَى النَّاسِ حِجُّ الْبَيْتِ مَنِ اسْتَطَاعَ إِلَيْهِ سَبِيلًا ۚ وَمَن كَفَرَ فَإِنَّ اللَّهَ غَنِيٌّ عَنِ الْعَالَمِينَ (٩٧

( آل عمران

- പുണ്യഭൂമിയെ-മക്ക, മദീന-ലക്ഷ്യമാക്കി നമ്മുടെ നാട്ടിൽ നിന്ന് ഹാജിമാർ യാത്ര തിരിച്ചു തുടങ്ങി. (പ്രൈവറ്റ് ഗ്രൂപ്പുകൾ യാത്ര തിരിച്ചു തുടങ്ങി. ഹജ്ജ് കമ്മിറ്റി ഔദ്യോഗികമായി യാത്ര തുടങ്ങുന്നു) മുഴുവൻ ഭൂഖണ്ഡങ്ങളിൽ നിന്നും രാജ്യങ്ങളിൽ നിന്നും ഹാജിമാർ എത്തിത്തുടങ്ങി. തീർത്തും എത്താൻ കഴിയാത്ത ദരിദ്ര രാജ്യങ്ങളിൽ നിന്ന് സുഊദീ രാജാവ് സ്വന്തം ചെലവിൽ പ്രതിനിധികളെ എത്തിക്കുന്നു.
- ആ നിലക്ക് മനുഷ്യസമൂഹത്തിന്റെ പരിഛേദമാവുകയാണ് പുണ്യഭൂമി. (വിവിധ ഭാഷ/വേഷ/നിറ/ സംസ്കാര/ പ്രകൃതിക്കാർ ഒത്തു ചേരുന്നു.)
- ഇത് ഇസ്ലാം ഉയർത്തിപ്പിക്കുന്ന വിശ്വ സാഹോദര്യത്തിന്റെ മികച്ച പ്രതീകമാണ്. (എല്ലാവരും ഒരേ വേഷം-ഇഹ്റാം/ഒരേ മന്ത്രം-തൽബിയത്ത്/ ഒരേ കേന്ദ്രം-കഅ്ബ/ ഒരേ വികാരം-മദീന/ഒരേ ലക്ഷ്യം-റബ്ബിന്റെ പൊരുത്തം) ഇക്കാര്യം ഹജ്ജിൽ നബി (സ) പ്രഖ്യാപിക്കുകയുണ്ടായി.

قَامَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ وَسَطَ أَيَّامِ التَّشْرِيقِ , فَقَالَ : " يَا أَيُّهَا النَّاسُ إِنَّ رَبَّكُمْ وَاحِدٌ , وَإِنَّ أَبَاكُمْ وَاحِدٌ , أَلا لا فَضْلَ لِعَرَبِيٍّ عَلَى أَعْجَمِيٍّ ، وَلا لِعَجَمِيٍّ عَلَى عَرَبِيٍّ , وَلا أَسْوَدَ عَلَى أَحْمَرَ , وَلا أَحْمَرَ عَلَى أَسْوَدَ إِلا بِتَقْوَى اللَّهِ (مسند أحمد)

- അതേ സമയം ഈ പുരോഗമനകാലത്തും പാശ്ചാത്യലോകം വംശവെറിയുടെ പേരിൽ കറുത്തവരെ മാറ്റി നിർത്തുന്നു. ഇന്ത്യയിൽ ദളിതരെ കൈയ്യേറ്റം ചെയ്യുന്നു. ദളിത് സ്ത്രീകൾ പീഢിപ്പിക്കപ്പെടുന്നു. (ഉദാ: ഗുജറാത്തിലെ ദളിതരുടെ സമരം........ വിവരിക്കുക.) ഇതിനെതിരെ മനുഷ്യത്വത്തിന്റെ/തുല്യനീതിയുടെ /സാഹോദര്യത്തിന്റെ സന്ദേശമാണ് ഹജ്ജ് ലോകത്തിന് നൽകുന്നത്.
- അതിനും പുറമെ ഹജ്ജ്: ലോകത്തെ ഏറ്റവും വലിയ മനുഷ്യസംഗമം ആണ്. ഒരുമത/ജാതി/രാഷ്ട്രീയ/ വിഭാഗത്തിലും ഇത്ര വലിയ സംഗമം നടക്കുന്നില്ല. തന്മൂലം ലോകം ഉറ്റുനോക്കുന്നു. എന്തെങ്കിലും വിഷമം ഉണ്ടായാൽ ചിരിക്കാൻ ഒരുപാട് പേരുണ്ടാകും.
- അതുകൊണ്ട് നാം നിരന്തരം ദുആയിലാകണം.

  1) ഭംഗിയായി നടന്നുകിട്ടാൻ.

  2) സുരക്ഷിതത്വം നിലനിൽക്കാൻ. ഇന്നത്തെ അറബ് രാജ്യങ്ങളുടെ സാഹചര്യത്തിൽ ഇത് നമ്മെ വല്ലാതെ അലട്ടുന്നു. കാരണം ഇത് നമ്മുടെ ഓരോരത്തരടേയും സ്വന്തം പ്രശ്നമാണ്.

عن عَلِيٍّ عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ: «الْمُسْلِمُونَ تَتَكَافَأُ دِمَاؤُهُمْ...... وَهُمْ يَدٌ عَلَى مَنْ سِوَاهُمْ ( أَبُو دَاوُد وَالنَّسَائِيّ)

(= മുസ്ലീം രക്തം ഒന്നാണ്. അവർ ശത്രുക്കൾക്കെതിരെ ഒറ്റക്കെട്ടായിരിക്കണം)
ചുരുക്കം: നാം എപ്പോഴും ദുആ ചെയ്തുകൊണ്ടിരിക്കണം.

➢ ഹാജിമാർ പുണ്യഭൂമിയിലേക്ക് ഒഴുകുന്ന ഈ സമയം നാം ചെയ്യേണ്ടത്:
ഹജ്ജിന് പോകാൻ അർഹതയുള്ളവർ അത് നിർവ്വഹിക്കാൻ ശ്രമിക്കണം, നിയ്യത്ത് ചെയ്യണം.

وَلِلَّهِ عَلَى النَّاسِ حِجُّ الْبَيْتِ مَنِ اسْتَطَاعَ إِلَيْهِ سَبِيلًا ۚ وَمَن كَفَرَ فَإِنَّ اللَّهَ غَنِيٌّ عَنِ الْعَالَمِينَ

عَنْ عَلِيٍّ قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : مَنْ مَلَكَ زَادًا وَرَاحِلَةً تُبَلِّغُهُ إِلَى بَيْتِ اللَّهِ وَلَمْ يَحُجَّ فَلَا عَلَيْهِ أَنْ يَمُوتَ يَهُودِيًّا أَوْ نَصْرَانِيًّا (ترمذي)

(قال الطيبي: المراد التّغليظُ فِي الوعيد)

(ഗൗരവം സൂചിപ്പിക്കലാണ് ഇവിടെ ഉദ്ദേശ്യം.)

➢ ഹജ്ജിന് കഴിവുണ്ടായിട്ടും അത് നിർവ്വഹിക്കാത്തവരെക്കുറിച്ച് ഉമർ(റ) പറയുന്നു.

قَالَ عُمَرُ بْنُ الْخَطَّابِ : لَقَدْ هَمَمْتُ أَنْ أَبْعَثَ رِجَالًا إِلَى هَذِهِ الْأَمْصَارِ فَيَنْظُرُوا كُلَّ مَنْ كَانَ لَهُ جِدَّةٌ وَلَمْ يَحُجَّ فَيَضْرِبُوا عَلَيْهِمْ الْجِزْيَةَ مَا هُمْ بِمُسْلِمِينَ ، مَا هُمْ بِمُسْلِمِينَ (بيهقي)

(=കഴിവുണ്ടായിട്ടും ഹജ്ജ് ചെയ്യാത്തവരുടെ മേൽ ജിസ്‌യ ഏർപ്പെടുത്താൻ ആഗ്രഹിക്കുന്നു. കാരണം അവർ മുസ്ലിംകളല്ല.)

➢ സാമ്പത്തിക സൗകര്യമുണ്ടായിട്ടും രോഗം കൊണ്ടോ മറ്റോ യാത്ര ചെയ്യാൻ കഴിയാത്തവർ പകരം ഹജ്ജ് ചെയ്യിക്കണം.

عاجز عن الحج بنفسه: لنحو زمانةٍ أو مرض لا يُرجى بُرؤه إن وَجد أُجرة من يحجّ عنه بأجرة المثل لزمه الإحجاج عن نفسه (تحفة)

➢ ഹജ്ജ് ചെയ്യാൻ കഴിവുണ്ടായിട്ടും ചെയ്യാതെ മരിച്ചവർക്ക്‌വേണ്ടി അവകാശികൾ ഹജ്ജ് ചെയ്യൽ നിർബന്ധമാണ്.

تجب إنابة عن ميت عليه نُسكٌ مِن تَركته فَلو لم تكن له تركة، سُن لوارثه (فتح المعين)

നമ്മുടെ മരണശേഷം നമുക്ക്‌വേണ്ടി നിർവ്വഹിക്കാൻ ബാക്കി ഇടാതെ കഴിവുള്ളവർ ഇത് പൂർത്തിയാക്കാൻ പരിശ്രമിക്കുക.

**NB: ജുമുഅ പ്രഭാഷണ കുറിപ്പ് എല്ലാ ചൊവ്വാഴ്ചകളിലും ലഭിക്കും (ഇ:അ)**

തയ്യാറാക്കിയത്:
സി.എ. മൂസാ മൗലവി മുവാറ്റുപുഴ.
9447465648